(7) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ സൈനബ എന്ന വീട്ടമ്മയുടെ ദുരൂഹമരണം

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, എന്റെ നിയോജകമണ്ഡലത്തിലെ കോട്ടപ്പാടം ഗ്രാമപഞ്ചായത്തിലെ കൊടുവാളിപ്പുറത്ത് പുറമ്പോക്കിൽ താമസിക്കുന്ന ഓത്തുപള്ളി അവറാൻ എന്ന നിർദ്ധനനായ വ്യക്തിയുടെ ഭാര്യ തൊട്ടടുത്ത വനത്തിലേക്ക് വിറകു ശേഖരിക്കാൻ പോയപ്പോൾ ദാരുണമായി കൊല ചെയ്യപ്പെട്ടിരിക്കുന്നു. ഒമ്പതാം ക്ലാസ്സിൽ പഠിക്കുന്ന ഏകമകന്റെ ആശ്രയമായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഈ വീട്ടമ്മയുടെ കൊലപാതകത്തെക്കുറിച്ച് അടിയന്തിരമായി അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ഈ സബ്മിഷൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുമ്പാകെ സമർപ്പിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കൊലപാതകത്തെ സംബന്ധിച്ച് കേസ് എടുത്തിട്ടുണ്ട്. കേസ് അന്വേഷണം ഊർജ്ജിതമായി നടന്നുവരികയാണ്. പ്രതിയെ കണ്ടെത്താൻ ആവശ്യമായ തെളിവുകൾ ഇതുവരെ ലഭിച്ചിട്ടില്ല. എന്നാലും പോലീസ് അന്വേഷണം വളരെ ഊർജ്ജിതമായി നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(8) റാന്നി താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കേണ്ടത് സംബന്ധിച്ച്

ശ്രീ. രാജു എബ്രഹാം: സർ, റാന്നി താലൂക്ക് ആശുപത്രിയിൽ 100 കിടക്കകളോടു കൂടിയ കെട്ടിടം പ്രവർത്തനസജ്ജമായി കിടക്കുകയാണ്. മൂന്നു ലക്ഷം നാട്ടുകാർക്കും പ്രതിവർഷം റാന്നിയിൽ എത്തുന്ന മൂന്നു കോടി ശബരിമല തീർത്ഥാടകർക്കും ഉപയോഗപ്രദമാകേണ്ട ഈ താലൂക്ക് ആശുപത്രിയിൽ ഇപ്പോൾ ഒ. പി. വിഭാഗം മാത്രമാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് ആവശ്യത്തിനുള്ള തസ്തികകൾ അനുവദിച്ച് ശബരിമല സീസണുമുമ്പായി ആശുപത്രി പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, പത്തനംതിട്ട, റാന്നി പ്രാഥമികാരോഗ്യ കേന്ദ്രത്തെ 1999-ൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായും 1993-ൽ താലൂക്കാശുപത്രിയായും ഉയർത്തിയെങ്കിലും താലൂക്കാശുപത്രിക്ക് വേണ്ട

10 A.M.] സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ അവിടെ അനുവദിച്ചില്ല. താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടം പണി പൂർത്തിയായിട്ടുണ്ട്. വൈദ്യുതി, വാട്ടർ കണക്ഷൻ എന്നിവ പൂർത്തിയാക്കാനുണ്ട്. അവിടെ നിലവിൽ ഒഴിവുകളൊന്നുമില്ല. കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഒ. പി. വിഭാഗം മാത്രമാണ് പ്രവർത്തിച്ചു വരുന്നത്. ശബരിമല തീർത്ഥാടകർക്കുവേണ്ടി ചികിത്സാ സൗകര്യങ്ങൾ എല്ലാ വർഷവും വളരെ വിപുലമായ രീതിയിൽ ആരോഗ്യ വകുപ്പും മെഡിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റും ഏർപ്പെടുത്തുന്നുണ്ട്. ടെലിമെഡിസിൻ ഉൾപ്പെടെയുള്ള ആധുനിക ചികിത്സയും ഹൃദ്രോഗ ചികിത്സാ സൗകര്യങ്ങളും ഇവിടെ ഒരുക്കുന്നുണ്ട്. ആവശ്യമായ തസ്തികകളും ഭൗതിക സാഹചര്യങ്ങളും കൂടുതലായി അനുവദിച്ച് മെച്ചപ്പെട്ട സേവനസൗകര്യങ്ങൾ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly